കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
email: lfadtvm@yahoo.in

നം.കെ.എസ്.എറ്റി.വി.എം/ജി.പി4/404/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 19.06.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ബാലരാമപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എറ്റി.വി.എം/ജി.പി4/404/2020 തീയതി: 19.06.2020

# തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.08.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2020 മുതൽ 29.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അനിഷ.എസ്.ബി, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ജയലക്ഷ്മി.ബികെ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.കോസലരാമദാസ്, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി.ജി , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ആർ.എസ്.വസന്തകുമാരി. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.ഗോപിനാഥൻ | 01.04.2018 മുതൽ 27.9.18 വരെ |
| | ശ്രീമതി.ഗീത.വി.എസ് | 28.9.18 മുതൽ 9.10.18 വരെ |
| | ശ്രീ.ആർ.ടി.ബിജുകുമാർ | 10.10.18 മുതൽ 31.3.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ശശികുമാർ | 1.4.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | ഡോ.ബിജുകുമാർ | 01.04.18 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീജ എസ്.നായർ | 01.04.18 മുതൽ 31.3.19 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.പ്രവിത ദർശൻ | 01.04.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ബിന്ദു | 01.04.18 മുതൽ31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (I സർക്കിൾ) | ശ്രീ.ബിനോയ് | 01.04.18മുതൽ04.09.2018വരെ |
| | ശ്രീ.അനിൽകുമാർ.ജെ.വി | 05.09.2018മുതൽ 31.03.19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (II സർക്കിൾ) | ശ്രീ.ബിനോയ് ഭുവൻ | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.സിന്ധു | 01.04.18 മുതൽ 31.03.19വരെ |
| എച്ച്.എം | ശ്രീമതി.മേഴ്സി | 1.4.18 മുതൽ 31.03.19വരെ |
| വെറ്റിനറി സർജൻ | ഡോ.ആശാവിജയൻ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മീനാകുമാരി.വി. | 01.04.18 മുതൽ 31.10.18വരെ |
| | ശ്രീമതി.നിഷാവത്സലൻ | 01.11.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിനു.പി.വി | 01.04.18 മുതൽ 20.04.18വരെ |
| | ശ്രീമതി.വി.എസ്.ഗീത | 21.04.18 മുതൽ 31.03.19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം- 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലേലം ഉറപ്പിക്കുന്നതിലും, തുക പിരിച്ചെടുക്കുന്നതിലും പിഴവുകൾ | 1-12 |
| 13 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 14 | വസ്തു നികുതി അസ്സസ്സ്മെന്റ്, ഈടാക്കൽ അപാകതകൾ | 1-14 |
| 15 | ഐ.കെ.എം. പ്രവർത്തനഫണ്ട് നൽകിയതിൽ അപാകത | 1-15 |
| 16 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 18 | എസ്.എൽ.ഐ. ജി.ഐ.എസ് പ്രിമീയം നിരക്കുകൾ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-18 |
| 19 | ജീവനക്കാരുടെ ശമ്പള നിർണയം ആധികാരികമാക്കിയിട്ടില്ല | 1-19 |
| 20 | റോഡ് കട്ടിംഗ് , റീസ്റ്റോറേഷൻ വിവരങ്ങൾ, രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-20 |
| 21 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല | 1-21 |
| 22 | പി.എം.എ.വൈ. വിഹിതം- ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 1-22 |
| 23 | കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 24 | RCC പ്രവൃത്തികളിൽ 8mmസ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി | 1-24 |
| 25 | കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച | 1-25 |
| 26 | എ. ബി.സി പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 27 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. | 1-27 |

| | | |
|---|---|---|
| 28 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല | 1-28 |
| 29 | അംഗീകാരമില്ലാതെ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നതിനാൽ വാഹനം വാങ്ങുന്നതിന് ലഭിച്ച തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. | 1-29 |
| 30 | അംഗനവാടി ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് സമയബന്ധിതമായി നടത്തുന്നില്ല. | 1-30 |
| 31 | അംഗൻവാടികളുടെ വാർഷിക അറ്റകുറ്റപ്പണി, സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച | 1-31 |
| 32 | ജാഗ്രതാസമിതി പ്രവർത്തനങ്ങൾ നിശ്ചലം. | 1-32 |
| 33 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 1-33 |
| 34 | ആശ്രയ പദ്ധതി നടപ്പാക്കിയില്ല | 1-34 |
| 35 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-35 |
| 36 | ശുചിത്വ സേനാംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ - 10800/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-36 |
| 37 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | 1-37 |
| 38 | പ്രിന്റിംഗ് - ക്വട്ടേഷൻ നടപടികളിൽ അപാകതകൾ | 1-38 |
| 39 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം | 1-39 |
| | ഭാഗം- 2 | |
| | ഇല്ല | |
| | ഭാഗം- 3 | |
| | ഇല്ല | |
| | ഭാഗം4 | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 44 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 48 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | Annexure |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23.03.2018 തീയതിയിലെ 1 /1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 228799914/- രൂപ വരവും 217077137/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. റിവൈസ്ഡ് ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ വരവ് 468824697/-രൂപയും ചെലവ് 463543532/- രൂപയുമാണ്.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ അപാകതകൾ

എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 22.01.2018 ന് കരട് പ്രൊപ്പോസൽ ആവശ്യപ്പെട്ടു. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | വെറ്റിനറി ആശുപത്രി, ഗവ. എൽ. പി. എസ്, തലയൽ, ഹോമിയോ ഡിസ്പൻസറി എന്നിവ സമർപ്പിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>ആയുർവേദ ഡിസ്പൻസറി - 6.2.2018<br>കൃഷി ഭവൻ - 26.1.2018<br>ഐ.സി.ഡി.എസ്- 30.1.2018 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി - 19.3.2018 ന് യോഗം ചേർന്നു. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്ന വിവരങ്ങൾ ലഭ്യമല്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 7.3.2018, തീരുമാനം 1 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 12.3.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 22.3.2018 തീരുമാനം 1 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 23.3.2018 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 23.3.2018 |

ചട്ടപ്രകാരമുള്ള സമയക്രമവും നടപടിക്രമവും പാലിക്കേണ്ടതാണ്.

ബി) കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി നടന്ന ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ചെലവിനം | ബജറ്റിൽ വകയിരുത്തിയ തുക | റിവൈസ്ഡ് ബജറ്റിൽ വകയിരുത്തിയ തുക | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 220710101 | എക്സ്ട്രാ ഓർഡിനറി ചെലവുകൾ | 75000 | 1075000 | 1077950 |
| 2510111501 | സാക്ഷരത – ജനറൽ | 131750 | 131750 | 156000 |
| 250103101 | മൃഗസംരക്ഷണം – ജനറൽ | 550000 | - | 873000 |
| 250100201 | കൃഷി അനുബന്ധ മേഖല | - | - | 1125586 |
| | | | | |

| | | | | |
|---|---|---|---|---|
| 250100501 | കൃഷി അനുബന്ധ മേഖല | - | - | 412000 |

ബജറ്റ് തയ്യാറാക്കുന്നതിലും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ചെലവ് നടത്തുകയും ചെയ്യുന്നതിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 12.04.2019 | | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10654638.61 |
| വരവ് | 158390534 |
| ആകെ | 169045172.61 |
| ചെലവ് | 144164885 |
| നീക്കിയിരുപ്പ് | 24880287.61 |

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 29271019 | 29271019 | 29271019 | 0 |
| വികസന ഫണ്ട് എസ് സിപി | 0 | 9879242 | 9879242 | 9879242 | 0 |
| സി.എഫ്.സി | 0 | 9091853 | 9091853 | 9091853 | 0 |
| ബി ഫണ്ട് | 0 | 1352280 | 1352280 | 1352280 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 12083575 | 12083575 | 12083575 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 0 | 5792102 | 5792102 | 5792102 | 0 |
| എൻ ആർ ഇ ജി എസ് | 22439 | 737374 | 759813 | 742863 | 16950 |
| ജോയിന്റ് വെഞ്ചർ | 68235 | 6755348 | 6823583 | 35,65,586 | 3257997 |
| എസ്.ബി.ഐ ഇ പേയ്മെന്റ് | 44399 | 269652 | 314051 | 12045 | 302006 |
| കോ.ഓപ്പ.ബാങ്ക് തനത് | 0.61 | 0 | 0.61 | 0 | 0.61 |
| ഡി.സി.ബി തനത് | 9580212 | 58979237 | 68559449 | 56899767 | 11659682 |
| ട്രഷറി തനത് VPFA I 2 | 3027 | 0 | 3027 | 0 | 3027 |
| ട്രഷറി ടി.എസ്.ബി(പൊതു അവശ്യഗ്രാന്റ് ഉൾപ്പെടെ) | 668212 | 22157211 | 22825423 | 15150173 | 7675250 |
| എസ്.ബി.റ്റി (പ്രസിഡന്റ്സ് റിലീഫ് ഫണ്ട്) | 8614 | 306 | 8920 | 0 | 8920 |
| എസ്.ബി.ഐ (ശുചിത്വ മിഷൻ ഫണ്ട്) | 246343 | 1923654 | 2169997 | 324380 | 1845617 |
| എസ്.ബി.റ്റി (ലിറ്ററസി മിഷൻ ഫണ്ട്) | 13157 | 467 | 13624 | 0 | 13624 |

| | | | | | |
|---|---|---|---|---|---|
| ക്യാഷ് | 0 | 97214 | 97214 | 0 | 97214 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|
| 240 | 228855106 | 180 | 113340253 | _ | 60 | 75 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22439 | 737374 | 759813 | 742863 | 16950 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41057015 | 41057015 | 41057015 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1112280 | 596 |
| കർഷക തൊഴിലാളി പെൻഷൻ | 3606000 | 60 |
| വിധവാപെൻഷൻ | 18766400 | 1564 |
| വാർദ്ധക്യകാല പെൻഷൻ ** | 37963300 | 3143 |
| വികലാംഗ പെൻഷൻ | 5798200 | 470 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 715000 | 56 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2020 രാവിലെ 11.00 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3589/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പൊതുവിൽ തൃപ്തികരമാണെങ്കിലും മെച്ചപ്പെട്ട ഭരണനിർവ്വഹണത്തിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എന്നാൽ തനത് വരവ് ഈടാക്കുന്നതിലും, വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തി പദ്ധതികൾ നടപ്പാക്കി ലക്ഷ്യം കൈവരിക്കുന്നതിലും പോരായ്മകൾ നിലനിൽക്കുന്നു. പ്രധാന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ</u>

i) കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. കെട്ടിട നികുതി അസ്സസ്സ്മെന്റിലെ അപാകതകൾ കാരണം നികുതി ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ii) <u>ലേലം- നടപടി ക്രമങ്ങൾ പാലിക്കാത്തതിനാൽ കുടിശ്ശിക ഈടാക്കാൻ സാധിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ, മറ്റ് ലേലങ്ങൾ എന്നിവയുടെ ലേലം ഉറപ്പിച്ച് നൽകുന്നതിലും ലേലത്തുക പിരിച്ചെടുക്കുന്നതിലും വലിയ അനാസ്ഥയാണ് നിലനിൽക്കുന്നത്. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം മുൻവർഷത്തെ കുടിശ്ശികയുൾപ്പെടെ 2378264/- രൂപ തൻവർഷം ലേല ഇനത്തിൽ കുടിശ്ശികയുണ്ട്. യഥാസമയം കരാർ വയ്ക്കാത്തതിനാലും, മതിയായ ഈട് രേഖകൾ സൂക്ഷിക്കാത്തതിനാലും ലേല തുക അടയ്ക്കാതെയും, ലേലം ഉറപ്പിച്ച ശേഷം പിൻമാറുകയും ചെയ്യുന്ന വ്യക്തികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ സാധിക്കാതെ വരുന്നു.

ബി) <u>പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്</u>

17.2.2018, 12.3.2018,4.12.2018 തീയതികളിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നിട്ടുണ്ട്. റോഡിന്റെ മെയിന്റനൻസ് ചെയ്യുമ്പോൾ ആരംഭം മുതൽ അവസാനം വരെ ചെയ്യുന്നതിന് വിഹിതം ഉൾപ്പെടുത്തേണ്ടതാണെന്നും, ഓടകൾ നിർമ്മിക്കുമ്പോൾ പൂർണ്ണമായും നിർമ്മാണം നടത്തുന്നതിന് തുക വകയിരുത്തണമെന്നും, കൂടാതെ MCF ന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സം നീക്കണം എന്നും നിർദേശങ്ങൾ നൽകിയിരിക്കുന്നു. എന്നാൽ എ ഇ നടപ്പാക്കിയ വിവിധ പദ്ധതികൾക്ക്, തുക വകയിരുത്തുന്നതിൽ ഇത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് അടിസ്ഥാന വികസനം ലക്ഷ്യമാക്കി പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തേണ്ടതാണെന്നും പദ്ധതികളുടെ എണ്ണം കുറച്ച് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലും നിർദേശിച്ചിട്ടുള്ളതാണ്. നിർദേശങ്ങൾ പാലിക്കുന്നതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്.

സി) <u>വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.</u>

ഡി) <u>ബഡ്സ് സ്കൂൾ പരിപാലനം</u>

2016-17 ൽ ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി ബ്ളോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് നാളിതുവരെ ചെലവഴിക്കാതെ തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഇ) <u>ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമല്ല.</u>

പഞ്ചായത്ത് പരിധിയിലെ പ്രമുഖ വാണിജ്യ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന മാർക്കറ്റിനുള്ളിൽ മാലിന്യ നിർമാർജനത്തിന് അത്യന്താപേക്ഷമായതും എന്നാൽ വളരെ സുരക്ഷിതമായും പരിപാലിക്കേണ്ട പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തത് ഗുരുതര പ്രശ്നമാണ്.

എഫ്) <u>കാർഷിക മേഖലാ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച</u>

കൃഷി വികസനത്തിലൂടെ കാർഷികാഭിവൃദ്ധി നേടുന്നതിനും , സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത പദ്ധതികൾ വകയിരുത്തിയതിലും വളരെ കുറഞ്ഞ തുക മാത്രം ചെലവഴിച്ചിരിക്കുന്നു.

ജി) <u>കായികോത്സവം- പ്രവർത്തനങ്ങളുടെ വിശദാംശം സൂക്ഷിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ യുവജനങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ ടീമിന് പരിശീലനം നൽകിയ വിവരങ്ങൾ ലഭ്യമല്ല. കായികപരിപാടിക്ക് സ്പോർട്സ് ഉപകരണങ്ങൾ, യൂണിഫോം, പരിശീലകർ/റഫറിക്കുള്ള ഓണറേറിയം, ഭക്ഷണം എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്.

എച്ച്) <u>തെരുവ് വിളക്ക് പരിപാലനം</u>

തെരുവ് വിളക്ക് പരിപാലനത്തിന് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയിൽ സർക്കാർ അംഗീകൃതമാക്കിയിട്ടുള്ള സാങ്കേതിക സമിതി ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. മേൽ വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഐ) <u>പ്രാഥമികാരോഗ്യകേന്ദ്രം – ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല</u>

സാന്ത്വന പരിചരണം പദ്ധതിയിൽ ഗൃഹസന്ദർശനവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാ: സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണ ഇനത്തിൽ ചെലവായ 48500/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല. തുക നഴ്സിന്റെ അക്കൗണ്ടിലേക്ക് നൽകിയിരിക്കുന്നു. കൂടാതെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിൽ ഉൾപ്പെടുന്ന വൈദ്യുതി ചാർജിനുള്ള തുക മാറി PHC അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.2019 | 1.8.2018 മുതൽ 30.9.2019 വരെ | 19.10.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.3.2017 | 2011-12 മുതൽ 2015-16 വരെ | 11.5.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ 19.08.2019-ലെ കെ.എസ്.എ.റ്റി.വി.എം/ജി.പി.4/979/2019-ാം നമ്പർ റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 ലേലം ഉറപ്പിക്കുന്നതിലും, തുക പിരിച്ചെടുക്കുന്നതിലും പിഴവുകൾ

ഗ്രാമപഞ്ചായത്തിലെ പബ്ലിക്ക് മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ, മറ്റ് ലേലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ലേലം ഉറപ്പിച്ച് നൽകുന്നതിലും ലേലത്തുക പിരിച്ചെടുക്കുന്നതിലും വലിയ അനാസ്ഥയാണ് കാണുന്നത്. ലഭ്യമാക്കിയ സ്റ്റേറ്റ്മന്റ്, ധനകാര്യ പത്രിക എന്നിവ പ്രകാരം മുൻവർഷത്തെ കുടിശ്ശികയുൾപ്പെടെ 2378264/- രൂപ തൻവർഷം ലേല ഇനത്തിൽ കുടിശ്ശികയുണ്ട്. വിവിധ ഇനങ്ങളുടെ ലേലനടപടികളിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>I. ലേലം ഉറപ്പിച്ച ശേഷം പിൻമാറുന്ന ലേലക്കാരനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിൽ തൻവർഷം പബ്ലിക്ക് മാർക്കറ്റ്, ഗവ.കെ.വി.എം. സ്കൂൾ പൊളിക്കുന്നതിന്റെ ലേലം എന്നിവ ഉറപ്പിച്ച് നൽകിയ ലേലക്കാർ ലേലത്തിൽ നിന്ന് പിൻമാറിയതിനാൽ രണ്ടാമത് കൂടിയനിരക്ക് വിളിച്ച വ്യക്തിക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ആദ്യലേലക്കാരനിൽ നിന്നും ലേലം ഉറപ്പിച്ച തീയതിയിൽ തന്നെ ലേലത്തുകയുടെ നാലിലൊന്ന് ഈടാക്കുകയോ, സോൾവൻസി ലഭ്യമാക്കുകയോ, എഗ്രിമെന്റിലേർപ്പെടുകയോ ചെയ്യാത്തതിനാൽ ഇതുമൂലമുണ്ടായിട്ടുള്ള നഷ്ടത്തിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

എ) <u>പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് ലേലം</u>

ബാലരാമപുരം പബ്ലിക്ക് മാർക്കറ്റിന്റെ ഗേറ്റ് ഫീ പിരിവിനുള്ള ലേലം 06.03.18, 17.03.18 തീയതികളിൽ നടന്നത് ലേലതുക കുറവായതിനാൽ ലേലം ഉറപ്പിച്ചില്ല. തുടർന്ന് 24.3.18-ന് നടന്ന പുനർലേലത്തിൽ 21,99,999/- രൂപയിൽ നിന്ന് ഒറ്റയടിക്ക് 49,99,999/- രൂപ ലേലം വിളിച്ച ശ്രീ.സക്കീർ ഹുസൈന് ലേലം ഉറപ്പിച്ചുനൽകി. എന്നാൽ 26.3.18 -ന് ടിയാൻ ലേലത്തിൽ നിന്നും പിൻമാറുകയാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ കൂടിയതുകയായ 21,99,999/- രൂപ ലേലം വിളിച്ച ശ്രീ.സലിമിന് ലേലം ഉറപ്പിച്ച് നൽകുകയുണ്ടായി (27.03.2018 ലെ I(1) നം. തീരുമാനം)

മേൽപ്രകാരം ലേലം ഉറപ്പിച്ചതിനെതിരെ പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കത്ത് എ.സി.3/99/ 2018/ത.സ്വ.ഭ.വ തീയതി.18.06.2018 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് മൂന്നുവർഷം നിരോധിച്ച് കൊണ്ട് കരിമ്പട്ടികയിൽപെടുത്തുവാനും, ടിയാൻ വിളിച്ച തുകയും(4999999/-) ഇപ്പോൾ സ്ഥിരപ്പെടുത്തിയ തുകയും (2199999/-) തമ്മിലുള്ള വ്യത്യാസം പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ടിയാനിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ച് പഞ്ചായത്ത് ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും (06.07.18 ലെ സി-1-10897/18 നം. കത്ത്) ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.സക്കീർഹുസൈനോട് 15 ദിവസത്തിനകം തുക ഒടുക്കാൻ നിർദ്ദേശിച്ചുകൊണ്ട് കത്ത് നൽകുകയുമുണ്ടായി(11.09.2018 ലെ എ2-6301/18 നം. കത്ത്).

<u>തുടർ നടപടികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു</u>

1. ലേല നോട്ടീസിലെ ലേലവ്യവസ്ഥ (5) പ്രകാരം എന്തെങ്കിലും കാരണവശാൽ ലേലം ഉറപ്പിച്ച ശേഷം ലേലത്തിൽ നിന്ന് പിൻമാറുകയാണെങ്കിൽ ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ വീണ്ടും പുനർലേലം ചെയ്യുന്നതും, അതിന്മേൽ ഉണ്ടാകുന്ന സകല നഷ്ടങ്ങൾക്കും ആദ്യലേലക്കാരൻ ഉത്തരവാദിയാകുമെന്നും വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ഇപ്രകാരം പുനർലേലം ചെയ്യാതെ രണ്ടാമത് കൂടിയനിരക്ക് വിളിച്ച വ്യക്തിക്ക് ലേലം ഉറപ്പിച്ച് നൽകുകയാണുണ്ടായത്.

2. ലേലത്തിൽ പങ്കെടുക്കുന്നവർ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തഹസിൽദാരിൽ നിന്നും ലഭിച്ച സോൾവൻസി സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ഒരുവർഷകാലാവധിയുള്ള ബാങ്ക് ഗ്യാരണ്ടി/പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്ലെഡ്ജ് ചെയ്ത ഡി.ഡി/FD യും ഹാജരാക്കാവുന്നതാണെന്നും, സർട്ടിഫിക്കറ്റുകൾ മൊത്തം ഹാജരാക്കാത്തവർ ലേലത്തുക മുഴുവൻ കെട്ടിവയ്ക്കേണ്ടതാണെന്നും വ്യവസ്ഥചെയ്തിരുന്നു. എന്നാൽ ലേലം ഉറപ്പിച്ചുനൽകിയപ്പോൾ ഇത്തരത്തിൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയോ, തുക ഒടുക്കുകയോ, ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

സ്വീകരിച്ച തുടർനടപടി വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ1/22.02.2020) മറുപടിയായി ഒന്നാം ലേലക്കാരനിൽ നിന്നും ലേല നഷ്ടമായ 28,00,000/- രൂപ ഈടാക്കുന്നതിന് ആർ.ആർ. ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും (20.08.2018 ലെ 7(1) നം. തീരുമാനം) ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ആയത് കോടതിയുടെ പരിഗണനയിലുമാണെന്നാണ് മറുപടി

നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, കേസിന്റെയും ആർ.ആർ.നടപടികളുടെയും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

ബി) <u>സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ലേലം</u>

ഗവ.കെ.വി.എൽ.പി.എസ്-ന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് ശ്രീ.സെയ്ദലി, റ്റി.സി. 47/1049, കരമന എന്ന വ്യക്തിക്ക് 1,95,000/- രൂപയ്ക്ക് ലേലം ഉറപ്പിച്ചിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്ററിൽ ടിയാൻ തുക ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ലേല നോട്ടീസും, സോൾവൻസിയും, എഗ്രിമെന്റും സൂക്ഷിച്ചിട്ടില്ല.

തുടർനടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി ശ്രീ.സെയ്ദലി ലേല നിബന്ധന പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ ലേലത്തുക ഒടുക്കിയിരുന്നില്ലയെന്നും, സ്കൂൾ കെട്ടിടം പൊളിച്ചുനീക്കേണ്ടത് അനിവാര്യമായതിനാൽ രണ്ടാം സ്ഥാനത്തുവന്നിട്ടുള്ള ഏറ്റവും കുറഞ്ഞതുക(175000/- രൂപ) വിളിച്ച ശ്രീ.ഷാഹുൽ ഹമീദ് എന്ന വ്യക്തിക്ക് 16.06.2018 ലെ 3(2) നം. തീരുമാനപ്രകാരം ലേലം ഉറപ്പിച്ച് നൽകിയതായും ടിയാൻ മുഴുവൻതുകയും ഒടുക്കിയിട്ടുള്ളതായും (രസീത് നം.118030101938/19.06.18) അറിയിച്ചു. ടിയാനിൽ നിന്നും ജി.എസ്.ടി. ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ആദ്യലേലക്കാരൻ പിൻമാറിയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ശ്രീ.സെയ്ദലിയിൽ നിന്നും ഈടാക്കേണ്ടതും, ശ്രീ.ഷാഹുൽ ഹമീദിൽ നിന്നും ജി.എസ്.ടി. തുക ഈടാക്കി അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്.

<u>II. മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ- തുക ഒടുക്കിയില്ല</u>

ലേലരജിസ്റ്റർ പ്രകാരം ശ്രീ.അബ്ദുൾ വാഹിദ്, നസീമ മൻസിൽ, ഐത്തിയൂർ എന്ന വ്യക്തിക്ക് പബ്ലിക് മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവിനുള്ള അവകാശം 24.03.2018 ന് നടന്ന പുനർലേലത്തിൽ 3,00,000/- രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ ഒന്നാം ഗഡുവായി 62500/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ 2017-18 ൽ കുടിശ്ശിക വരുത്തിയ ശ്രീ.അബ്ദുൾ വാഹിദ് എന്ന വ്യക്തിക്കാണ് 2018-19 ലും പ്രസ്തുത ലേലം ഉറപ്പിച്ച് നൽകിയത്.
2. ടിയാൻ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ, ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയോ ചെയ്യാതെയാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്.
3. ലേല വ്യവസ്ഥ പ്രകാരം ലേലത്തുകയുടെ നാലിലൊന്ന് തുക (നികുതി ഉൾപ്പെടെ-88500/- രൂപ) ലേലം ഉറപ്പിക്കുമ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ 62500/- രൂപ മാത്രമാണ് ടിയാൻ ഒടുക്കിയിട്ടുള്ളത്.
4. 10.04.2018 ലെ 10(1) നം. കമ്മിറ്റി തീരുമാനപ്രകാരം സോൾവൻസി ഹാജരാക്കാനും, കുടിശ്ശിക തുക ഒടുക്കുവാൻ ടിയാന് നിർദ്ദേശം നൽകാനും അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കത്ത് നൽകിയത് 19.6.18നാണ്. തുടർന്ന് 05.07.18, 16.10.18, 24.12.18 തീയതികളിലും തുക ഒടുക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകാൻ സെക്രട്ടറി ഉത്തരവിട്ടിരിക്കുന്നു. ലേലവ്യവസ്ഥ പ്രകാരം ലേലഗഡു ഒടുക്കുന്നതിൽ വീഴ്ചവരുത്തിയാൽ ലൈസൻസ് റദ്ദ്ചെയ്ത് ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യാതെ 01/19 വരെ ഫീസ് പിരിക്കാൻ അനുവദിച്ചിട്ടുണ്ട്.
5. 10.01.2019 ൽ ലേലം റദ്ദ് ചെയ്ത് 16.01.19 ൽ പുനർലേലം ചെയ്യുകയും 12000/- രൂപയ്ക്ക് ശ്രീ.സലിം, കുട്ടികോട്ടേജ്, വഴിമുക്ക് എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ച് നൽകി ആദ്യ ലേലക്കാരൻ തുക ഒടുക്കാത്തതിനാൽ ലേല പ്രകാരമുള്ള ബാക്കി 175000/- രൂപ (ഇൻസ്റ്റാൾമെന്റ്-62500/-, ഇ.എം.ഡി- 12500/-, സെക്യൂരിറ്റി ഡെപ്പോസിറ്റ്- 50000/- കുറച്ച് ബാക്കി തുക) ഈടാക്കാൻ ബഹു. ജില്ലാകളക്ടർ മുഖാന്തിരം ആർ.ആർ. നടപടി സ്വീകരിക്കുവാനും 21.01.2019 ലെ 2(1) നം. തീരുമാനം കൈകൊണ്ടിട്ടുണ്ട്.

ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി തുക (54000/-) ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടിയായി ജി.എസ്.ടി ഇനത്തിൽ 13500/- രൂപ ഒടുക്കിയതായി അറിയിച്ചുവെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. ടിയാന് സോൾവൻസിയും, എഗ്രിമെന്റും വയ്ക്കാൻ നിരവധി തവണ അറിയിപ്പ് നൽകിയിരുന്നുവെന്നും, ബഹു. ജില്ലാകളക്ടർക്ക് ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നുമാണ് വിശദീകരണം (എൻക്വയറി നം.1) നൽകിയിട്ടുള്ളത്. സോൾവൻസി ഹാജരാക്കുകയോ, എഗ്രിമെന്റ് വയ്ക്കുകയോ, ലേലത്തുകയുടെ നാലിലൊന്ന് അടയ്ക്കുകയോ ചെയ്യാതെ ലേലം ഉറപ്പിച്ച് നൽകിയതും, തുടർന്ന് 01/2019 വരെ ലേലക്കാരനെ ഫീസ് പിരിക്കാൻ അനുവദിച്ചതും സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-13 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പബ്ലിക്ക്മാർക്കറ്റിലുള്ള 25ാം നമ്പർ കടമുറിയുടമയിൽ നിന്നും വാടക ഈടാക്കാനവശേഷിക്കുന്നു. വിശദാംശം ചുവടെ

| കടമുറി നം. | വാടക്കാരന്റെ പേര് | മാസവാടക | കുടിശ്ശികയുള്ള മാസം |
|---|---|---|---|
| 25 | ശ്രീ.എം.എസ്.നവാസ് | 727 (616+ service tax-111 ) | 04/18 to 03/19 (12 മാസം) |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 25 ന് ടിയാന് വാടക കുടിശ്ശിക അടവാക്കുന്നതിന് കത്ത് നല്കിയതായി അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിഴപ്പലിശയുൾപ്പെടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കൂടാതെ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ 167536/- രൂപ കുടിശ്ശികയുണ്ട്. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി അസ്സസ്സ്മെന്റ്, ഈടാക്കൽ അപാകതകൾ

എ) മൊബൈൽ ടവറുകളുടെ കെട്ടിട നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 7 മൊബൈൽ ടവറുകൾ നിലവിലുള്ളതിൽ നാലെണ്ണം കെട്ടിട നികുതി കുടിശ്ശിക വരുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/26.02.2020) ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. / കെട്ടിട നം | കുടിശ്ശിക കാലയളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | ലതിക ഇൻഡസ് ടവർ | 2/623 | 2014-15 2nd half മുതൽ 2015-16 വരെ | കുടിശ്ശിക ഒടുക്കിയതായി അറിയിച്ചെങ്കിലും പരിശോധനയ്ക്ക് രസീതുകൾ ഹാജരാക്കിയില്ല. |
| 2 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | 13/12 | 2018-19 | കെട്ടിട നികുതി ഒടുക്കിയിട്ടുള്ളതായി അറിയിച്ചെങ്കിലും രസീത് ഹാജരാക്കുകയോ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. |

| | | | | |
|---|---|---|---|---|
| 3 | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 15/169 | 2013-14 മുതൽ 2018-19 വരെ | പിഴ പലിശ ഒഴിവാക്കുന്നതിന് സർക്കാർ നിർദേശം വന്നിട്ടുള്ളതിനാൽ 2020 മാർച്ച് 31 ന് മുൻപ് കുടിശ്ശിക ഒടുക്കുന്നതാണെന്ന് ഉടമ അറിയിച്ചതായി മറുപടി ലഭ്യമാക്കി |
| 4 | റിലയൻസ് ജിയോ ഇൻഫോകോം | 19/1698 | 2016-17 | കുടിശ്ശിക ഒടുക്കിയതായി അറിയിച്ചെങ്കിലും പരിശോധനയ്ക്ക് രസീതുകൾ ഹാജരാക്കിയില്ല. |

മേൽ സ്ഥാപനങ്ങൾ കെട്ടിട നികുതി ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുത്തേണ്ടതുമാണ്.

ബി) 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വസ്തു നികുതി കണക്കാക്കുന്നതിന് പഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമ, ദ്വിതീയ, തൃതീയ എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച്കൊണ്ടുള്ള ഭരണസമിതിയുടെ നോട്ടിഫിക്കേഷൻ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും മേഖലാവിഭജനം ഭരണസമിതി അംഗീകരിച്ച മിനിട്സിന്റെ പകർപ്പ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ആയതിനാൽ മേഖലാടിസ്ഥാനത്തിൽ നൽകിയ ഇളവുകളും വർദ്ധനവും പരിശോധിക്കുന്നതിന് സാധിച്ചില്ല.

സി) വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിൽ അധികം ഏരിയയുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ കുറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി ച..മീറ്ററിന് 50/- രൂപ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ്, കെട്ടിട നം | പേര്, അഡ്രസ്സ് | കെട്ടിടത്തിന്റെ ഏരിയ(ച.മീ) | ച.മീറ്ററിന് 50/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന നികുതി | ച.മീറ്ററിന് 60/- രൂപ നിരക്കിൽ കണക്കാക്കേണ്ട നികുതി | ഈടാക്കിയതിൽ കുറവ് വന്ന തുക |
|---|---|---|---|---|---|
| 7/922 | മുഹമ്മദ് റാഫി പി, ഫാത്തിമ മൻസിൽ, തെക്കേകുളം | 182 | 9100 | 10920 | 1820 |
| 6/1039 | അനുശ്രീ.എം, പ്രണവം, വെങ്ങാനൂര് | 181.36 + 20.62 | 10099 | 12119 | 2020 |

കുറവ് വന്ന തുക ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഡി) വാർഷിക കണക്കുകളിലെ I-18 ഷെഡ്യൂൾ പ്രകാരം 2785897/-രൂപ കെട്ടിട നികുതി റസിഡൻഷ്യൽ ഇനത്തിലെ ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/26.02.2020) പ്യൂരിഫിക്കേഷൻ പ്രക്രിയ പൂർത്തീകരിക്കുന്നതിന് മുൻപുള്ള തുകയാണ് വാർഷിക കണക്കുകളിലെ ഡിമാന്റിൽ ഉൾപ്പെടുത്തിയിരുന്നതെന്നും നികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ ഉൾപ്പെടുത്തി പ്യൂരിഫിക്കേഷൻ നടത്തിയതിനാലുമാണ് ഡിമാന്റിൽ വ്യത്യാസം വന്നതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഇ) <u>അനധികൃത നിർമ്മാണങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല</u>

അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററും അനുബന്ധ ഫയലുകളും പരിശോധനാ വിധേയമാക്കി. ആയതിൻ പ്രകാരം പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച്

നടത്തിയ ചുവടെ ചേർക്കുന്ന നിർമ്മാണങ്ങൾക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ കെട്ടിട നമ്പർ നൽകിയിട്ടില്ല.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് നം | കെട്ടിടത്തിന്റെ ഏരിയ (ച.മീ) |
|---|---|---|---|
| 1 | എസ്. ഉദയ ബാബു, മുടവൂർപ്പാറ, ബാലരാമപുരം | A6-BA(49397)2017, 25.9.2017 | 196.64 |
| 2 | ഭദ്രസേനൻ നായർ, നിർമാല്യം, തലയൽ | A6-BA(66635)2017, 14.11.2017 | 220.72 |
| 3 | സന്തോഷ് കുമാർ, കീർത്തനം, മുടവൂർപ്പാറ | A6-BA(186827)2017, | 271.32 |
| 4 | രാഖി. ജി. എസ് | BP(127)2015-16 7.10.2015 | 47.20 |
| 5 | വിമല.പി, നന്ദു സുദർശനൻ, നന്ദന സുദർശനൻ, എസ് വി സദനം തച്ചംവിളാകം | A6-BA(2446)2018, 7.2.2018 | 119.75 |

ചട്ടലംഘനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (23/2020, 28.2.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-15 ഐ.കെ.എം. പ്രവർത്തനഫണ്ട് നൽകിയതിൽ അപാകത

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവർക്കു ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് പദ്ധതിയിനത്തിൽ ആകെ 48242114/- രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശം ചുവടെ (RP-7 പ്രകാരം)

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് | 29271019 |
| എസ്.സി.പി ഫണ്ട് | 9879242 |
| സി.എഫ്.സി ഗ്രാന്റ് | 9091853 |
| ആകെ | 48242114 |

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. നല്ല വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 120605/- രൂപ മാത്രമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിലേക്കായി 132605/- രൂപ (ബിൽ നം.1802025201400618440/25.03.2018) ഒടുക്കിയിട്ടുണ്ട്. തൻവർഷം 12000/- രൂപ അധികമായി ഒടുക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/26.02.2020) ഐ.കെ.എം നിർദേശത്തിന്റെയും ഡി.പി.സി അംഗീകാരം ലഭിച്ചതിന്റെയും അടിസ്ഥാനത്തിലാണ് തുക ഒടുക്കിയതെന്ന് മറുപടി ലഭ്യമാക്കി. ഐ.കെ.എം. വിഹിതം പ്ലാൻ ഫണ്ടിന്റെ 0.25% ആയി നിജപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തൻ വർഷം അധികമായി ഒടുക്കിയ തുക തുടർന്നു വരുന്ന അടവുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-16 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

# ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ഏജൻസി | പ്രവൃത്തി | തുക | ബിൽ നമ്പർ |
|---|---|---|---|
| കെ.എസ്.ഇ.ബി | പരുത്തിമാം പുതിയ റോഡിലും പരുത്തിമാം പുനർക്കുന്ന് റോഡിലും സ്ട്രീറ്റ് ലൈൻ നീട്ടൽ (232/19) | 34255/- | 18020252014001477223/ 22.3.2019 |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (102/19) | 1457317/- | 27641/- 405070/ 6.8.2018<br>26845/-708804/25.10.2018<br>742717/-995536/27.12.2018<br>227797/- 1077216/18.1.2019<br>5115/- 1077222/18.1.2019<br>427202/-1477220/22.3.2019 |
| | ആകെ | 1491572 | |

തുക മുൻകൂർ നൽകുന്നതിനു മുൻപ് സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല. ഭാവിയിൽ നടപടിക്രമങ്ങൾ പാലിച്ച് നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

# 1-17 ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

| ക്രമ നം. | അഡ്വാൻസ് നൽകിയ തീയതി | തുക | തുക നൽകിയത് | തുക നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|---|
| 1 | 26.8.18 | 61500 | Secretary | ഹരിത കർമ്മസേന ഓണറേറിയം |
| 2 | 22.12.17 | 25000 | President | ടൂർ ട്രാവലിംഗ് അഡ്വാൻസ് (Adimali Gp ) |

ക്രമീകരിക്കുവാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. അഡ്വാൻസ് ക്രമീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-18 എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം നിരക്കുകൾ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ജി.ഒ.(പി)149/16/ഫിൻ തീയതി 4.10.2016 പ്രകാരം എസ്.എൽ.ഐ , ജി.ഐ.എസ് തുകയുടെ കുറഞ്ഞ പ്രീമിയം തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാനശമ്പളം 35699/- മുതൽ 55349 വരെ യുള്ള ജീവനക്കാരിൽ നിന്നും 500/- രൂപയും , 18000/- മുതൽ 35699 വരെയുള്ള ജീവനക്കാരിൽ 300/-രൂപയുമാണ് കുറഞ്ഞ പ്രീമിയമായി ഈടാക്കേണ്ടത്. പഞ്ചായത്തിലെ ജീവനക്കാരുടെ സെപ്റ്റംബർ മാസത്തെ സാലറി വൗച്ചർ (വൗച്ചർ നമ്പർ 21800685 തീയതി 8.10.18)

പ്രകാരം പഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. കൂടാതെ ജി.ഐ.എസ് പ്രീമിയത്തിന്റെ കുറഞ്ഞ നിരക്ക് 300 രൂപയായിരിക്കെ 19000- 43600 ശമ്പളനിരക്കുള്ള ജീവനക്കാരനിൽ നിന്നും 150 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സർക്കാർ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി എസ്.എൽ.ഐ പോളിസി എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും , ജി.ഐ.എസ് പ്രീമിയം ഈടാക്കേണ്ടതുമാണ്.

## 1-19 ജീവനക്കാരുടെ ശമ്പള നിർണയം ആധികാരികമാക്കിയിട്ടില്ല

ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പ്രൊമോഷൻ, ഗ്രേഡ് പ്രൊമോഷൻ എന്നിവയിലൂടെ നിർണ്ണയിച്ച് നൽകുന്ന ശമ്പളം അംഗീകരിച്ച് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി നൽകുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ജീവനക്കാരുടെ 2014 ശമ്പള പരിഷ്കരണത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ അംഗീകാരം വാങ്ങിയിട്ടില്ല

| ക്രമ നം. | ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 1 | ശ്രീ. രവിരാജ്.വി, അക്കൗണ്ടന്റ് |
| 2 | ശ്രീമതി. സുനിത.എ, ജൂനിയർ സൂപ്രണ്ട് |
| 3 | ശ്രീ.സന്തോഷ് കുമാർ, എൽ.ഡി.സി |

മേൽ ജീവനക്കാരുടെ നാളിതുവരെയുള്ള ശമ്പളനിർണ്ണയങ്ങൾ അംഗീകൃതമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 റോഡ് കട്ടിംഗ് , റീസ്റ്റോറേഷൻ വിവരങ്ങൾ, രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി ഉപഭോക്താവിൽ നിന്നും റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ 25309/- രൂപ ഈടാക്കിയതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റോഡിന്റെ വിശദാംശങ്ങൾ, ഈടാക്കുന്ന തുക, റീസ്റ്റോറേഷൻ എന്നിവയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 27 നുള്ള മറുപടിയിൽ കട്ടിംഗ് ചാർജ്ജായി ച.മീറ്ററിന് 5472.44 രൂപ ഈടാക്കുന്നതായി അറിയിച്ചു. എന്നാൽ മുറിക്കേണ്ടുന്നതും, റീസ്റ്റോർ ചെയ്യാൻ ശേഷിക്കുന്നതുമായ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. ലഡ്ജറിൽ ഈ വിവരങ്ങൾ ഉൾപ്പെടുത്തുകയോ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മേൽ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ച് പരിശോധനാ വിധേയമാക്കേണ്ടതാണ്.

## 1-21 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

പൊതു വിദ്യഭ്യാസ വകുപ്പിന്റെ ഉത്തരവ് നം ജി.ഒ.ആർ.ടി 2427/2007/ പൊതുവിദ്യാഭ്യാസം തീയതി 1.8.2007 പ്രകാരം തദ്ദേശസ്ഥാപനപരിധിയിൽ വരുന്ന അൺഎയിഡഡ് സ്ഥാപനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് ആയിരം രൂപ നിരക്കിൽ ഈടാക്കാനാണ് നിർദ്ദേശം ഉള്ളത്. എന്നാൽ 2018–19 വർഷം

സർക്കാർ/ എയ്ഡഡ് മേഖലയിൽപ്പെടുന്ന 6 സ്കൂളുകൾക്ക് മാത്രമേ ഫിറ്റ്നസ് നൽകിയിട്ടുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറി 32 നമ്പർ മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള താഴെ പറയുന്ന സ്കൂളുകൾ ഫിറ്റ്നെസ് ഇല്ലാതെ അൺ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

1.MMR പബ്ലിക് സ്കൂൾ

2.R.R പബ്ലിക് സ്കൂൾ

3.നേതാജി പബ്ലിക് സ്കൂൾ

4.ശ്രീരാമകൃഷ്ണ പബ്ലിക് സ്കൂൾ

5.മുത്താരമ്മൻ പബ്ലിക് സ്കൂൾ

മേൽ സ്ഥാപനങ്ങൾ ഫിറ്റ്നെസിനായി അപേക്ഷ നൽകിയിട്ടില്ല എന്ന് അസ്സിസ്റ്റന്റ്. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ഫിറ്റ്നസ് നൽകേണ്ട ചുമതല ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഫിറ്റ്നസില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സ്ഥാപനാധികാരി ഉറപ്പാക്കേണ്ടതാണ്.

# 1-22 പി.എം.എ.വൈ. വിഹിതം- ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

1. പ്രോജക്റ്റ് നം.51/19 (പി.എം.എ.വൈ. 2018-19 ജനറൽ) അടങ്കൽ - 200000/-

ചെലവ് - 200000/-

2. പ്രോജക്റ്റ് നം.101/19- (പി.എം.എ.വൈ. 2018-19 (എസ്.സി.പി))

അടങ്കൽ - 700000/-

ചെലവ് - 700000/-

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

മേൽ രണ്ട് പ്രോജക്റ്റുകൾ പ്രകാരം പി.എം.എ.വൈ. 2018-19 വിഹിതമായി നേമം ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെടാതെയാണ് ഇപ്രകാരം തുക നൽകിയിരിക്കുന്നത്. 2018-19-ൽ കേന്ദ്രസർക്കാർ പി.എം.എ.വൈ പദ്ധതിപ്രകാരം ഭവനനിർമ്മാണത്തിന് ടാർജറ്റ് ഫിക്സ് ചെയ്യാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ലായെന്നും, ആയതിനാൽ ചെലവഴിക്കാത്ത തുക തിരികെ അനുവദിക്കാൻ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നം. അറിയിക്കാനും നേമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് (30.04.19-ലെ ബി.പി.4/449/19 നം. കത്ത്). എന്നാൽ നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ല.

അനിവാര്യ വാർഷിക പദ്ധതിയായ പി.എം.എ.വൈക്ക് തുക ആവശ്യപ്പെട്ട് കൊണ്ട് അറിയിപ്പ് ലഭിക്കാറില്ലെന്നും ബ്ലോക്ക്പഞ്ചായത്ത് ആവശ്യപ്പെടാതെയാണ് കാലാകാലങ്ങളായി ടി പ്രോജക്ടുകൾ പ്രകാരമുള്ള തുക കൈമാറുന്നതെന്നും, ടി തുക ലഭിക്കുന്ന മുറയ്ക്ക് കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്(എൻക്വ. നം.8).

പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-23 കമ്പ്യൂട്ടർ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. - 143/18 (കമ്പ്യൂട്ടർ വാങ്ങൽ)

അടങ്കൽ - 100000/- (മെയിന്റനൻസ്(റോഡ്))

ചെലവ് - 53525/-

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ

വി.ഇ.ഒ. ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ മുതലായവ വാങ്ങാനായി 53525/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, ക്വട്ടേഷൻ ലഭിച്ചതിന്റെ വിവരം, ക്വട്ടേഷൻ ഉറപ്പിച്ചവ്യക്തിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ, വാറന്റി സംബന്ധിച്ച വിവരം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക53525/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 31 ന് മറുപടി നൽകിയിട്ടില്ല.

# 1-24 RCC പ്രവൃത്തികളിൽ 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധിക തുക നല്കി

പ്രോജക്ടിന്റെ പേര്- വെറ്റിനറി ഡിസ്പെൻസറി പുന്നയ്ക്കാട് സബ്സെന്റർ നിർമ്മാണം

അടങ്കൽ - 499500 (തനത് ഫണ്ട്)

ചെലവ് – 498984

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കോസ്റ്റ് ഇൻഡക്സ് -44.12%

a) മേൽ പ്രവൃത്തിയിൽ ഇനം നം 11 (DSR code 5-22-6 Steel reinforcement for R.C.C work including straightening, cutting, bending, placing in position and binding all complete upto plinth level Thermo - Mechanically Treated bars of grade Fe-500 or more) ൽ എം.ബുക്ക് പ്രകാരം side wall (base, stirups, horizontal 8mm, vertical 8mm), plinth beam എന്നിവയ്ക്കുള്ള സ്റ്റീൽ ബാറിന്റെ ഭാരം കണക്കാക്കിയതിൽ vertical reforcement -ൽ 8mm സ്റ്റീൽ ബാർ ഉപയോഗിച്ചതിന് അധികഭാരം കണക്കാക്കിയിട്ടുണ്ട്.(എം ബുക്ക് പേജ് നം 10)

| കണക്കാക്കിയ ഭാരം | | | | |
|---|---|---|---|---|
| particulars | no | Length (in mtr) | wt./mtr | Weight |
| Vertical 8mm | 2x24 | 2.4 | 0.888 | 102.29 |
| | 2x20 | 2.4 | 0.888 | 85.25 |
| | 2x21 | 2.4 | 0.888 | 89.51 |
| എന്നാൽ കണക്കാക്കേണ്ടിയിരുന്ന ഭാരം | | | | |
| Vertical 8mm | 2x24 | 2.4 | 0.395 | 45.504 |
| | 2x20 | 2.4 | 0.395 | 37.92 |
| | 2x21 | 2.4 | 0.395 | 39.816 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എം-ബുക്കിൽ 12mm എന്നതിന് പകരം 8 mm എന്ന് രേഖപ്പെടുത്തിയത് മാറിപോയതെന്ന് മറുപടി നൽകി.

b)കൂടാതെ എക്സ്ട്രാ ഐറ്റം 6 പ്രകാരം(15.3 Demolishing reinforced concrete manually/ mechanically including all costs) 1.018 m3പഴയകെട്ടിടം പൊളിച്ചുമാറ്റി ഉപയോഗപ്രദമായ സ്റ്റീൽ ബാർ സ്റ്റാക്ക് ചെയ്യാൻ തുക ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം പൊളിച്ച് മാറ്റിയ സ്റ്റീൽ ബാർ നിർമ്മാണ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ഉപയോഗ യോഗ്യമായ 30 കി.ഗ്രാം 8 mm കമ്പി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചുവെന്ന മറുപടി നൽകി. എന്നാൽ എം-ബുക്കിൽ ഇപ്രകാരം സ്റ്റീൽ കമ്പി സ്റ്റാക്ക് ചെയ്തതായി രേഖപ്പെടുത്തുകയോ, ആയത് ആകെ ഉപയോഗിച്ച കമ്പിയുടെ അളവിൽ നിന്ന് കുറയ്ക്കുകയോ ചെയ്തിട്ടില്ല.

മേൽ ഖണ്ഡികകളിലെ അപാകതകൾ പ്രകാരം അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്ന് തിരിച്ച് പിടിക്കേണ്ടതാണ്.

## 1-25 കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച

എ) കൃഷി വികസനത്തിലൂടെ കാർഷികാഭിവൃദ്ധി നേടുന്നതിനും , സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് ആസൂത്രണം ചെയ്ത പദ്ധതികൾ വകയിരുത്തിയതിലും വളരെ കുറഞ്ഞ തുക മാത്രം ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/ പ്രോജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് തുക | ചെലവാക്കിയതിന്റെ ശതമാനം |
|---|---|---|---|
| ഹരിതഭവനം/52/19 | 1102200 | 28000<br>(8740/- രൂപ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിച്ചത്) | 3.33 |
| കേദാരം നെൽകൃഷി/55/19 വികസനം | 105000 | 13320 | 12.68 |
| ജൈവ പച്ച കൃഷി ഗ്രോബാഗ്/56/19 | 262500 | 84000 | 32 |
| ജലശ്രീ കിണർ റീ ചാർജ്ജ്/59/19 | 1600000 | 79200 | 4.95 |
| കിണർ റീ ചാർജ്ജ്/57/19 | 32000 | - | 0 |

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന കൃഷി വർക്കിംഗ് ഗ്രൂപ്പ് ഈ വിഷയം വിശകലനം ചെയ്യേണ്ടതും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി കൃഷി മേഖലയിൽ വകയിരുത്തുന്ന ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിച്ച് കാർഷിക മേഖലാഭിവൃദ്ധി ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ബി) തെങ്ങ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തെങ്ങ് നടുന്നതിനും ജൈവ വളം, ജൈവ കീടനാശിനി എന്നിവ നൽകുന്നതിനുമായി പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി ജൈവ വളം, ജൈവ കീടനാശിനി എന്നിവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്നതിന് പകരം ബ്ലാങ്കായ ബില്ലുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ശൈലജ, ശ്രീ.മോഹൻ എന്നിവർക്ക്

തുക നൽകിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 30/29.2.2020ന് മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

## 1-26 എ. ബി.സി പദ്ധതി - രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം. – 31/19എ.ബി.സി പ്രോഗ്രാം.

ഫണ്ടിനം -വികസന ഫണ്ട്

അടങ്കൽ -210000/-രൂപ

ചെലവ് -210000/- രൂപ

ബിൽ നം. -1/18-19 തീയതി16.7.18

നിർവഹണം- വെറ്റിനറി സർജൻ

സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 11.1 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 100 തെരുവ് നായകളെ പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിക്കുന്നതിനും തുടർ പരിചരണം നൽകുന്നതിനുമായി കുടംബശ്രീ തിരുനന്തപുരം ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് 2,10,000/- രൂപ കൈമാറിയിട്ടുണ്ട്. ഫയൽ പ്രകാരം ഗോൾഡ് മി ഗ്രൂപ്പ്, നെയ്യാറ്റിൻകര മുഖാന്തിരമാണ് പ്രവർത്തനം നടന്നത്. കുടുംബശ്രീയിൽ നിന്നും നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ശസ്ത്രക്രിയ നടത്തിയതായോ, ശസ്ത്രക്രിയക്ക് ശേഷം നായകൾക്ക് വേണ്ടത്ര പരിചരണം നൽകിയതായോ, ആയതിന്റെ ചെലവ് സംബന്ധിച്ചോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ശസ്ത്രക്രിയ നടത്തിയതായുള്ള വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റ്, ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. എന്നാൽ മരുന്നുകൾ വാങ്ങിയ ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി സൂക്ഷിച്ചിട്ടില്ല. ശസ്ത്രക്രിയക്ക് ശേഷം നായകളെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 9.11.2018 ലെ ആർ.സി3/422/2017 നമ്പർ ഉത്തരവ് പ്രകാരം തെരുവ് നായകളെ പിടിക്കുന്നതിനായി വേണ്ടത്ര പരിശീലനം ലഭിച്ചവരെയും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുത്തിട്ടുള്ളവരെയുമാണ് നിയോഗിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അത്തരം നടപടി ക്രമം പാലിച്ചതിന്റെ വിവരങ്ങൾസൂക്ഷിച്ചിട്ടില്ല.

ശസ്ത്രക്രിയ നടത്തിയതായുള്ള വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റ്,ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ, വാക്സിനേഷനുള്ള മരുന്നുകൾ വാങ്ങിയ ബില്ലുകൾ, തെരുവ് നായകളെ പിടിച്ചവർ പരിശീലനം നേടിയിട്ടുള്ളവരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ എന്നിവയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നുറപ്പാക്കാനായിട്ടില്ല. . പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ വിവരങ്ങൾ ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും പദ്ധതി മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതി നിർവ്വഹിച്ചതിനാധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

പദ്ധതിയുടെ പേര് ഹരിതകർമ്മ സേന രൂപീകരണം (187/19)

അടങ്കൽ തുക 456352/- CFC Grant

ചെലവ് തുക 190500/-

ബിൽ നം, തീയതി 18020252014000127818/ 18.5.2018, തുക 61500/-

18020252014000313618/ 11.7.2018, തുക 129000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

ശുചിത്വ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിച്ച് യൂണിഫോം, ഹോണറേറിയം, ഐ ഡി കാർഡ്, വേതനം എന്നിവ നൽകുന്നതിനും, പ്രവർത്തനങ്ങൾക്കായുള്ള പരിശീലനം നൽകുന്നതിനും പ്രിന്റിംഗ് സ്റേറ്റഷനറി സാധനങ്ങൾ വാങ്ങുന്നതിനും 2017-18 ൽ സി എഫ് സി ഗ്രാന്റിൽ നിന്നും 750000/- രൂപ വകയിരുത്തുകയും പരിശീലനം ഒഴികെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് 157128/-രൂപ ചെലവഴിക്കുകയും ചെയ്തു. 2018-19 ൽ സ്പിൽ ഓവർ ആയി പദ്ധതി നിർവ്വഹണം നടത്തിയ അവസരത്തിൽ സേനാംഗങ്ങൾക്ക് വേതനം നൽകുന്നതിനും വാർഡുകളിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിൽ എത്തിക്കുന്നതിനുള്ള വാഹന വാടകയും ചെലവഴിച്ചു.

നാളിതുവരെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവും ആയത് സംസ്കരിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം 10/26.2.2020 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം പൊന്നയ്യ ഫൗണ്ടേഷൻ എന്ന ഏജൻസിയ്ക്ക് കൈമാറുന്നു എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുൻപിൽ വലിയ തോതിൽ മാലിന്യം ശേഖരിച്ച് സൂക്ഷിച്ചിരിക്കുന്നു. ഇവ യഥാസമയം മേൽ ഏജൻസിക്ക് കൈമാറുകയോ, ഹരിത കേരള മിഷന്റെ നിർദ്ദേശാനുസരണം മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിച്ച് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മാത്രവുമല്ല ബ്ലോക്ക് തലത്തിൽ മെറ്റീരിയൽ റിക്കവറി ആന്റ് ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അവിടെ എത്തിച്ച് സംസ്കരിക്കുന്നതിനും, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുനരുപയോഗിക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിക്കാൻ സാധിക്കാത്ത തരത്തിൽ ശേഖരിക്കപ്പെടുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതാണ്. ഭരണസമിതി അടിയന്തിര ശ്രദ്ധ ചെലുത്തി ഈ മേഖലയിലെ സർക്കാർ ഏജൻസികളുടെ നിർദേശാനുസരണം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കേണ്ടതാണ്.

## 1-28 ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയില്ല

പൊതുജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളും അസൗകര്യവും ഉണ്ടാകാത്ത വിധത്തിൽ ബാലരാമപുരം മാർക്കറ്റിനുള്ളിൽ അപകടകരമായ നിലയിൽ സ്ഥിതി ചെയ്യുന്ന ബയോഗ്യാസ് പ്ലാന്റ്, പ്രവർത്തനക്ഷമമാക്കുന്നതിനും അല്ലാത്തപക്ഷം പ്രവർത്തനം അവസാനിപ്പിക്കുന്നതിനും 18.6.2018 ലെ എ.സി 3/99/2018/തസ്വഭവ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദേശിച്ചിരുന്നു. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും 203500/- രൂപ വകയിരുത്തിയ (പ്രോജക്ട് നമ്പർ 219/2019) പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/28.2.2020) നടപ്പ് വർഷം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

പഞ്ചായത്ത് പരിധിയിലെ പ്രമുഖ വാണിജ്യ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന മാർക്കറ്റിനുള്ളിൽ മാലിന്യ നിർമാർജനത്തിന് അത്യന്താപേക്ഷമായതും എന്നാൽ വളരെ സുരക്ഷിതമായും പരിപാലിക്കേണ്ട പ്ലാന്റ് അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷിതമാക്കി പ്രവർത്തനക്ഷമമാക്കാത്തത് പൊതുജനാരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതാണ്. പൊതുജനക്ഷേമാർത്ഥം ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-29 അംഗീകാരമില്ലാതെ ബഡ്സ് സ്കൂൾ

## പ്രവർത്തിക്കുന്നതിനാൽ വാഹനം വാങ്ങുന്നതിന് ലഭിച്ച തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

വാർഷിക കണക്കുകൾ പ്രകാരം 2016-17 ൽ ബഡ്സ് സ്കൂളിന് വാഹനം വാങ്ങുന്നതിനായി ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപ ലഭിച്ചത് നാളിതുവരെ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ ബഡ്സ് സ്കൂളിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പദ്ധതി പ്രകാരം ഐ.സി.ഡി.എസ് സൂപ്പർ വൈസർ തനത് ഫണ്ടിൽ നിന്നും 211700/- രൂപ ചെലവാക്കിയിട്ടുണ്ട്. നാളിതുവരെ ബ്ളോക്ക് വിഹിതം വിനിയോഗിച്ച് വാഹനം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം നമ്പർ 35/29.2.2020 ന് മറുപടിയായി ബഡ്സ് സ്കൂളിന് സർക്കാർ അംഗീകാരം ലഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാലാണ് തുക വിനിയോഗിക്കാൻ സാധിക്കാത്തതെന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 1999 മുതൽ പ്രവർത്തിച്ച് വരുന്ന സ്കൂളിൽ നിലവിൽ 34 അംഗപരിമിതരായ കുട്ടികൾക്കാണ് സംരക്ഷണം ലഭ്യമാകുന്നത്. നാളിതുവരെ സ്കൂളിന് അംഗീകാരം ലഭിക്കാതിരുന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ജാഗ്രതകുറവായി വിലയിരുത്തുന്നു. ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതും സർക്കാർ അംഗീകാരം നേടുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിച്ച് അടിസ്ഥാന സൗകര്യങ്ങളും സ്കൂളിലെ അംഗങ്ങൾക്ക് ശാരീരിക, മാനസിക ആരോഗ്യം ഉറപ്പാക്കുന്ന നടപടികളും ഉണ്ടാകേണ്ടതാണ്. ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-30 അംഗനവാടി ന്യൂട്രിമിക്സ് ലാബ് ടെസ്റ്റ് സമയബന്ധിതമായി നടത്തുന്നില്ല.

അംഗനവാടി പോഷകാഹാരമായ ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ ലാബ് പരിശോധന നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തേണ്ടതാണ് എന്ന് സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010-ലെ ലെറ്റർ നം.ഐ.സി.ഡി.എസ് ബി.3/312/2010 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗനവാടി അനുപൂരക പോഷകാഹാര പദ്ധതി (21/18-19) പ്രകാരം സമൃദ്ധി & ബ്ലോസം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും 11,78,000/-രൂപയ്ക്ക് ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. അംഗണവാടി പോഷകാഹാരമായ ന്യൂട്രിമിക്സ് മൂന്ന് മാസത്തിലൊരിക്കൽ വിതരണ യൂണിറ്റിൽ നിന്നും (സമൃദ്ധി & ബ്ലോസം) സാമ്പിൾ ശേഖരിച്ച് നേമം ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലാബ് പരിശോധനയ്ക്കായി ചെന്നൈയിലെ ഫുഡ് & ന്യട്രീഷ്യൻ ബോർഡിന്റെ കീഴിലുള്ള റീജിയണൽ ക്വളിറ്റി കൺട്രോൾ ലബോറട്ടറിയിൽ അയയ്ക്കാറുണ്ടെങ്കിലും കൃത്യമായി പരിശോധന റിപ്പോർട്ട് ലഭ്യമായിരുന്നില്ല എന്ന മറുപടിയാണ് 26.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ആറ് മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ളവരാണ് ന്യൂട്രിമിക്സിന്റെ ഗുണഭോക്താക്കൾ എന്നതിനാൽ ലാബ് ടെസ്റ്റ് നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തേണ്ടത് വളരെ പ്രധാനമാണ്. സമയബന്ധിതമായി ലാബ് ടെസ്റ്റ് നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അംഗൻവാടികളുടെ വാർഷിക അറ്റകുറ്റപ്പണി, സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച

അംഗനവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുക, അംഗൻവാടികളിലെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുകയും പ്രവേശനോത്സവം

സംഘടിപ്പിക്കുകയും ചെയ്യുക മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കുലർ നം.31055/ഡി.സി 2/2011/തസ്വഭവ 22.02.2011) സ്വന്തമായി കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ, സർക്കാരിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടികളുടേയും വാർഷിക അറ്റകുറ്റപ്പണികൾ എല്ലാ വർഷവും ഏപ്രിൽ,മെയ് മാസങ്ങളിലായി ഗ്രാമപഞ്ചായത്താണ് പൂർത്തീകരിക്കേണ്ടത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗണവാടികളിലെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ടത് കെട്ടിട ഉടമയാണ്. എന്നാൽ അംഗൻവാടിക്കുള്ളിലും ചുറ്റുമതിലിലും സന്ദേശങ്ങൾ എഴുതുന്നത് ഉൾപ്പെടെ അംഗൻവാടിയെ ശിശു സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനം തന്നെ നടപ്പാക്കേണ്ടതാണ്. ടോയ്‌ലറ്റ്, കുടിവെള്ളം മുതലായ ഭൗതിക സൗകര്യങ്ങൾ ലഭ്യമായതും സുരക്ഷിതത്വം ഉള്ളതുമായ കെട്ടിടങ്ങൾ മാത്രമാണ് വാടകയ്ക്കെടുക്കേണ്ടത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ കെട്ടിട വാടക നിശ്ചയിക്കുന്നതിന് റെന്റ് സർട്ടിഫിക്കറ്റ് നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ അസി.എഞ്ചിനീയറാണ്.

അംഗനവാടികളുടെ ഭൗതികസൗകര്യങ്ങൾ സംബന്ധിച്ച് 27.02.2020 ൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചുവടെ ചേർക്കും പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമപഞ്ചായത്തിലെ ആകെ അംഗനവാടികളുടെ എണ്ണം | 39 |
| സ്വന്തം കെട്ടിടത്തിൽ പ്രവൃത്തിക്കുന്നവ | 17 |
| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പ്രവൃത്തിക്കുന്നവ | 2 |
| വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്നവ | 20 |
| കുടിവെള്ള സൗകര്യമുള്ളവ | 36 |
| ചുറ്റുമതിൽ ഉള്ളവ | 28 |
| വൈദ്യുതി കണക്ഷനുള്ളവ | 37 |
| ഗ്യാസ് കണക്ഷനുള്ളവ | 39 |

സ്വന്തം കെട്ടിടത്തിലും സർക്കാരിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലും പ്രവൃത്തിച്ചുവരുന്ന അംഗണവാടികളുടെ അറ്റകുറ്റപ്പണികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായും വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ ശിശുസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്നും അടിസ്ഥാനസൗകര്യങ്ങളും സുരക്ഷിതത്വവും ഉള്ള വാടകകെട്ടിടങ്ങളിലാണ് അംഗനവാടികൾ പ്രവൃത്തിക്കുന്നതെന്നും റെന്റ് സർട്ടിഫിക്കറ്റ് അസി.എഞ്ചിനീയർ നൽകാറുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി ചുറ്റമതിൽ എന്നീ അവശ്യസൗകര്യങ്ങൾ അടിയന്തിരമായി ഒരുക്കേണ്ടതും അംഗനവാടികളുടെ വാർഷിക അറ്റകുറ്റപ്പണികളും,സുരക്ഷിതത്വവും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ജാഗ്രതാസമിതി പ്രവർത്തനങ്ങൾ നിശ്ചലം.

സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 7.4.2 പ്രകാരം ജാഗ്രതാസമിതി മാസം തോറും വാർഡ്തല/പഞ്ചായത്ത്തല മീറ്റിംഗുകൾ കൂടേണ്ടതും പരാതികൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. പരാതിപ്പെട്ടി, ജെൻറർ ഡെസ്ക് എന്നിവ സ്ഥാപിക്കേണ്ടതും പരാതികൾ ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും തീർപ്പാക്കേണ്ടതുമാണ്.

2018-19 സാമ്പത്തിക വർഷം "ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ"(പ്രോജ.നം.66/18-19)_പദ്ധതിക്ക് 30,000/- രൂപ അടങ്കൽ വകയിരുത്തി ഡി.പി.സി അംഗീകാരം നേടിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പ്രസ്തുത അനിവാര്യ പദ്ധതി നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ 27.02.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.17 ന് മാസം തോറും വാർഡ്തല/പഞ്ചായത്ത് തല ജാഗ്രതാസമിതി മീറ്റിംഗുകൾ കൂടിയിട്ടില്ലായെന്നും പരാതികൾ സ്വീകരിക്കുന്നതിന് വാർഡ്തലത്തിലും പഞ്ചായത്ത് തലത്തിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പരാതികൾ ലഭിച്ചിട്ടില്ലായെന്നും പദ്ധതി തുക വിനിയോഗിക്കുന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതിരുന്നതിനാലുമാണ് 2018-19 സാമ്പത്തിക വർഷം "ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ" പദ്ധതി നിർവ്വഹണം നടത്തുവാൻ കഴിയാതെ പോയതെന്നുമാണ് ഐ.സി,ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ഫലപ്രദമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നം. - 12/19

പ്രോജക്ടിന്റെ പേര് - പട്ടികജാതി പെൺമക്കൾക്ക് വിവാഹധനസഹായം

അടങ്കൽ - 750000/- [വികസന ഫണ്ട്(എസ്.സി.പി)]

ചെലവ് - 750000/-
നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി കുടുംബങ്ങളിലെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നതിന്റെ ഭാഗമായി ഒരാൾക്ക് 75000/- രൂപ വീതം 10 ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് പ്രകാരം ധനസഹായം നൽകി. ഇതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| വാർഡ് | ഗുണഭോക്താവിന്റെ പേര് |
|---|---|
| I | ശ്രീ.രാജമണി.കെ, രശ്മി നിവാസ്, ബാലരാമപുരം |
| III | ശ്രീ.രവീന്ദ്രൻ, അച്ചുഭവൻ, വില്ലിക്കുളം<br>ശ്രീമതി.ഷീല.എസ്, ഷീലാഭവൻ, റസ്സൽപുരം<br>ശ്രീ.രാജൻ.കെ, കോട്ടുറക്കോണം, റസ്സൽപുരം |

കമ്മിറ്റി തീരുമാനപ്രകാരമാണ് ആനുകൂല്യം നൽകിയതെന്നും വാർഡ് ഒന്നിലെ അപേക്ഷകന്റെ മകളുടെ പേരിലും വാർഡ് മൂന്നിലെ അപേക്ഷകർ 26.10.2018 ലെ ഗ്രാമസഭാലിസ്റ്റിലുണ്ടെന്നുമാണ് മറുപടി നൽകിയത്. എന്നാൽ 26.10.2018 ലെ ഗ്രാമസഭാലിസ്റ്റ് 2019-20 ലെ പ്രോജക്ടിലേക്കുള്ള ഗുണഭോക്തൃലിസ്റ്റാണ്. ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് പ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ മേൽ സൂചിപ്പിച്ച ആരും ഉൾപ്പെട്ടിട്ടില്ല. ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന സാഹചര്യം തുടർവർഷങ്ങളിൽ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-34 ആശ്രയ പദ്ധതി നടപ്പാക്കിയില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.18 )

ആശ്രയ പദ്ധതി നിർബന്ധമായും നടപ്പിലാക്കേണ്ട പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ആശ്രയ ഭക്ഷ്യധാന്യ വിതരണത്തിനായി തൻവർഷം 200000/- രൂപ (പ്രോജക്ട് നം.5/19) വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല.

12.12.2017 ലെ 252/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അഗതിരഹിത കേരളം എന്ന പദ്ധതിക്കായി സർവ്വേനടത്തി കണ്ടെത്തിയ 196 പേരുടെ ലിസ്റ്റ് 13.9.18 ലെ കമ്മിറ്റി തീരുമാനപ്രകാരം സമർപ്പിച്ചത് 09.03.2019 നാണ് സർക്കാർ അംഗീകരിച്ച് നൽകിയതെന്ന മറുപടിയാണ് ലഭിച്ചത്. അഗതിരഹിതകേരളം പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുണ്ടായ കാലതാമസം കാരണമാണ് 2018-19 ൽ ഈ പദ്ധതി നടപ്പാക്കാൻ സാധിക്കാതെ വന്നതെന്ന് വിലയിരുത്തുന്നു. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവനപദ്ധതിക്കായി 2018-19 ൽ രണ്ട് പ്രോജക്ടുകളാണ് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

I. പ്രോജക്ട് നം. - 1/19 (ലൈഫ് ഭവനപദ്ധതി (ജനറൽ))

അടങ്കൽ - 114400000/-

ചെലവ് - 48680000/-

II. പ്രോജക്ട് നം. - 99/19 (ലൈഫ് ഭവനപദ്ധതി (എസ്.സി.പി))

അടങ്കൽ - 18700000/-

ചെലവ് - 4140000/

ലൈഫ് ഭവനപദ്ധതിക്ക് അംഗീകാരം ലഭിച്ച ഗുണഭോക്താക്കളിൽ 232 പേർ(പൊതുവിഭാഗം-209, പട്ടികജാതി വിഭാഗം-23) 2018-19- ൽ എഗ്രിമെന്റ് വച്ചു. ഇതിൽ 16 പേർ ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല (പൊതുവിഭാഗം-13, പട്ടികജാതി വിഭാഗം-3). ചുവടെ ചേർക്കുന്ന മൂന്ന് പേർ ഒരു ഗഡുമാത്രമാണ് കൈപ്പറ്റിയി ട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി 8/25.02.2020 ന്റെ മറുപടി)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ശ്രീ.തങ്കപ്പൻ നായർ/ സന്ദീപ്, തേമ്പാമൂട്ടം | 40,000/- |
| ശ്രീമതി.ഹാമിലബീവി, അന്തിയൂർ | 40,000/- |
| ശ്രീമതി.ലതിക ജോൺ, ഐത്തിയൂർ | 40,000/- |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുവാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഒറ്റ ഗഡുമാത്രം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ നിർദ്ദേശം നൽകേണ്ടതും അല്ലാത്തപക്ഷം തുക പലിശയുൾപ്പെടെ തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-36 ശുചിത്വ സേനാംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ - 10800/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

1.പ്രോജക്റ്റ് നമ്പർ : 91/2019

പ്രോജക്ടിന്റെപേര് : ശുചിത്വസേനാംഗങ്ങളെ ഉൾപ്പെടുത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക

അടങ്കൽതുക : 219000/-രൂപ

ചെലവ് തുക : 151345/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,PHC

ഫണ്ടിനം : വികസനഫണ്ട് (ജനറൽ)

ചെലവ് വിശദാംശം

| ബിൽ നമ്പർ | തുക |
|---|---|
| 19/26.10.2018 | 11530 |
| 23/20.12.2018 | 47815 |
| 28/21.01.2019 | 48400 |
| 32/14.02.2019 | 16000 |
| 36/13.03.2019 | 13600 |
| 40/23.03.2019 | 14000 |
| ആകെ | 151345 |

ഒരുദിവസം മൂന്ന ശുചിത്വസേനാംഗങ്ങളെ PHC യിൽ റൊട്ടേഷൻ അനുസരിച്ച് നിയമിക്കുകയും ഒരുദിവസം ഒരാൾക്ക് 200/-രൂപ നിരക്കിൽ പ്രതിഫലം നൽകി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. ആകെ ചെലവ് തുകയിൽ 85600/- രൂപ ഓണറേറിയം നൽകുന്നതിന് ചെലവഴിച്ചപ്പോൾ 65745/- രൂപ അനുബന്ധ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിരിക്കുന്നത്.
പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം.15 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ഓണറേറിയം നൽകിയ 35 ശുചിത്വസേനാംഗങ്ങളുടെയും 6 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും ഹാജർ ഫയലിൽ ലഭ്യമായില്ല. ഹാജർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. ശുചിത്വസേനാംഗങ്ങളും(35) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ(6)മാരുമായി ആകെ 41 പേരാണുള്ളത്. എന്നാൽ 180/- രൂപ നിരക്കിൽ 180 പേർക്ക് (180x180=32400) ഐഡി കാർഡ് തയ്യാറാക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. 180 പേർ പരിശീലനത്തിൽ പങ്കെടുത്തതിനാലാണ് ഐഡി കാർഡ് വിതരണം ചെയ്തതെന്ന് അറിയിച്ചു.

3. ഭക്ഷണം, മൈക്ക് സെറ്റ് എന്നിവയ്ക്ക് പണം ചെലവഴിച്ചയിനത്തിൽ ശ്രീ.ബിനു.എസ് എന്ന വ്യക്തിയുടെ പേരിലാണ് തുക കൈമാറിയിട്ടുള്ളത്. ഇതിന് അനുബന്ധമായി ചേർത്തിരിക്കുന്ന ചെലവ് രേഖകൾക്ക് കൃത്യത ഇല്ലാത്തതുമാണ്.

4.ബിൽ നമ്പർ 23/18-19 പ്രകാരമുള്ള 47815/-രൂപയിൽ 10800/-രൂപയുടെ ചെലവ് Cost of food എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭക്ഷണം വാങ്ങിയതിന്റെ ബിൽ ഫയലിൽ ലഭ്യമല്ല. ആവശ്യകതയും രേഖപ്പെടുത്തിയിട്ടില്ല. ബില്ല് ഫയലിൽ നിന്നും നഷ്ടമായതായും വീണ്ടെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്.

ക്രമനം. 1മുതൽ 3വരെയുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം. 4 പ്രകാരം ഭക്ഷണയിനത്തിലുള്ള 10800/രൂപയുടെ ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-37 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ : S0035/2019

പ്രോജക്ടിന്റെ പേര് : മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശ,കസേര

അടങ്കൽ തുക : 100000/-രൂപ

ചെലവ് തുക : 70600/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.സ്കൂൾ

ഫണ്ടിനം : വികസനഫണ്ട്(ജനറൽ)

ബിൽ നമ്പർ : 12/ 26.02.2019

പ്രോജക്ട് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതരിൽ നിന്ന് വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി മരം കൊണ്ടുള്ള മേശയും കസേരയും പർച്ചേസ് കമ്മിറ്റി വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യേണ്ടതാണ്. എന്നാൽ സ്റ്റീൽ കൊണ്ടുള്ള ഫർണിച്ചറുകളാണ് വിതരണം ചെയ്തിട്ടുള്ളത് . ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.37ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് സമർപ്പിച്ചപ്പോൾ 5000/- രൂപയാണ് Unit cost നിശ്ചയിച്ചിരുന്നതെന്നും പ്രസ്തുത തുകയ്ക്ക് തടി കൊണ്ടുള്ള മേശയും കസേരയും ലഭിക്കുമായിരുന്നില്ലായെന്നും ആയതിനാലാണ് അപാകതയുണ്ടായതെന്നും ഭാവിയിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്.

2. ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സ്ഥാപനത്തിനാണ് ഫർണിച്ചർ സപ്ളൈ ചെയ്യാൻ അനുമതി നൽകേണ്ടത്.എന്നാൽ ഇവിടെ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നല്ല ഫർണിച്ചർ വാങ്ങിയത്. ക്വട്ടേഷൻ നിരക്ക് ചുവടെ ചേർക്കുന്നു.

| | ഫർണിച്ചർ ഇനം | റോസ് ഫർണിച്ചർ | തമ്പുരാൻ കാലായിൽ | നരിക്കോട്ടിൽ | ശബരി |
|---|---|---|---|---|---|
| 1 | മേശ | 2390 | 2238 | 2750 | 2289 |
| 2 | കസേര | 1140 | 944 | 800 | 997 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.37 ന് ലഭ്യമാക്കിയ മറുപടിയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതാണെന്നും അവർ യഥാസമയം എഗ്രിമെന്റ് വയ്ക്കാത്തതിനാലും സാമ്പിൾ ഹാജരാക്കാത്തതിനാലുമാണ് പഞ്ചായത്ത് കമ്മിറ്റി റോസ് ഫർണിച്ചറിനെ തെരഞ്ഞെടുത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്. രണ്ടാമത്തെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിച്ചില്ല. ഇത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ ആയിരിക്കണം.എന്നാൽ താഴെപ്പറയുന്നവർക്ക് മാതാപിതാക്കൾ മത്സ്യത്തൊഴിലാളികളാണെന്ന മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡിന്റെ സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി.

(എ)ആഷിനസെൽവം .എസ്.

(ബി)മുഹമ്മദ് ആഷിക്ക്

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.37 ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മക്കളാണെന്നും ആയതിനാലാണ് ആനുകൂല്യം നൽകിയതെന്നും ഭാവിയിൽ രേഖകളില്ലാതെ ആനുകൂല്യം നൽകില്ലായെന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 1-38 പ്രിന്റിംഗ് - ക്വട്ടേഷൻ നടപടികളിൽ അപാകതകൾ

ഡിമാന്റ് നോട്ടീസ്, അരിയർ ഡിമാന്റ് നോട്ടീസ് എന്നിവയുടെ പ്രിന്റിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. 2018-19 ൽ പ്രിന്റിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും എല്ലാ ഇനങ്ങളും ക്വട്ടേഷനിൽ ഉൾപ്പെട്ടിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 ൽ ഡിമാന്റ് നോട്ടീസ് പ്രിന്റിംഗിനായി താഴെ പറയും പ്രകാരമുള്ള തുക ജി.വി പ്രിന്ററിന് നൽകിയിരിക്കുന്നു. എന്നാൽ സ്റ്റോക്കിൽ പൂർണമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ വിതരണ വിവരങ്ങൾ ബാലൻസ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| വൗച്ചർ നമ്പർ/ തീയതി | നോട്ടീസിന്റെ എണ്ണം | തുക | സ്റ്റോക്ക് വിതരണ വിവരങ്ങൾ അപാകതകൾ |
|---|---|---|---|
| 21801201/20.3.19( വൗച്ചർ തുക 39053) | ഡിമാന്റ് നോട്ടീസ് 22982<br>അരിയർ ഡിമാന്റ് നോട്ടീസ് 10000 | 28982 | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഇല്ല. |
| 21800879/5.12.18 ( 34544) | ഡിമാന്റ് നോട്ടീസ് 17272 | 34544 | സ്റ്റോക്കിൽ രേഖപ്പെടുത്തലുകളില്ല. |

കൂടാതെ പ്രിന്റിംഗ് ക്വട്ടേഷൻ ലഭിച്ച ജി.വി പ്രിന്റേഴ്സിന്റെ ബില്ലുകളിൽ നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും വിതരണം ചെയ്തതിന്റെയും നീക്കിയിരിപ്പിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-39 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉൽപാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ആയതിന്റെ അടിസ്ഥാനത്തിൽ ആക്ഷൻ പ്ലാൻ പ്രകാരം 919 പദ്ധതികൾ അംഗീകരിച്ചെങ്കിലും ടി സാമ്പത്തിക വർഷം തുടങ്ങിയ പ്രവൃത്തികളുടെ എണ്ണം 407 മാത്രമാണ്. പഞ്ചായത്ത് പ്രദേശത്തെ കാർഷികാഭിവൃദ്ധിക്കും പ്രകൃതി വിഭവ പരിപാലനത്തിനും ദുർബല ജന വിഭാഗങ്ങളുടെ ഉന്നമനത്തിനും തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന പദ്ധതികൾ പൂർണമായും നടപ്പാക്കി സമഗ്രവികസനം ഉറപ്പാക്കേണ്ടതാണ്. 2606 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 561 തൊഴിലാളികൾക്കാണ് 100 ദിവസം ജോലി നൽകാൻ കഴിഞ്ഞിട്ടുള്ളത്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.19 മുതൽ 25.05.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി4/979/2019 തീയതി 19.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1073391<br>782322<br>87000<br>175000<br>162000<br>31200<br>2040<br>7500<br>277875 | ലൈഫ്<br>ലൈഫ്(എസ്.സി.പി)<br>ക്ഷീരസമൃദ്ധി<br>ഹരിതഭവനം<br>കിണർ റീചാർജിംഗ്(ജനറൽ)<br>കിണർ റീചാർജിംഗ് (എസ് .സി .പി)<br>കേദാരം<br>ജൈവസമൃദ്ധി | 0<br>0<br>0<br>0<br>0<br>0<br>0<br>12240<br>0 | 1073391<br>0<br>87000<br>14000<br>23760<br>0<br>2040<br>0<br>175000 | 0<br>782322<br>0<br>161000<br>138240<br>31200<br>0<br>19740<br>102875 |
| ആകെ | | 2598328 | ------------- | 12240 | 1375191 | 1235377 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1536000<br>946000<br>325000<br>144000<br>20800<br>2720<br>7500<br>175000<br>0<br>0 | ലൈഫ്<br>ലൈഫ്(എസ്.സി.പി)<br>ക്ഷീരസമൃദ്ധി<br>കിണർ റീചാർജിംഗ്(ജനറൽ)<br>കിണർ റീചാർജിംഗ് (എസ് .സി.പി)<br>കേദാരം<br>ജൈവസമൃദ്ധി<br>സ്നേഹസ്പർശം<br>ഭിന്നശേഷി സ്കോളർഷിപ്പ്<br>ജൈവസമൃദ്ധി | 0<br>0<br>0<br>0<br>0<br>0<br>0<br>0<br>258375<br>12240 | 1536000<br>622600<br>325000<br>15840<br>0<br>2720<br>0<br>175000<br>0<br>0 | 0<br>323400<br>0<br>128160<br>20800<br>0<br>7500<br>0<br>258375<br>12240 |
| | | 1000000 | ഐ.സി.ഡി.എസ് | 500000 | - | 1500000 |
| ആകെ | | 4157020 | | 770615 | 2677160 | 2250475 |

<u>കുറിപ്പ്:-</u> സ്നേഹസ്പർശം എന്ന സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 1,02,875/- രൂപ ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ജൈവസമൃദ്ധിയ്ക്കായി ലഭിച്ച ജില്ലാ, ബ്ലോക്ക് വിഹിതം ചെലവഴിച്ചെങ്കിലും വാർഷികകണക്കുകളിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിരിക്കുന്നു.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ

# വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ നീട്ടൽ | 1491572 | 0 | 1491572 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്ഭവനപദ്ധതി | സഹകരണസംഘം രജിസ്ട്രാറുടെ 08.08.2008-ലെ 58/2019 നം. ഉത്തരവ് | 16926000 | 2649000 | 1962000 | 0 | 687000 |
| കെ.യു.ആർ.ഡി.എഫ്.സി ലൈഫ് | ജി.ഒ.(എം.എസ്) 100/2018, 30/7/18 | 40202809 | 40202809 | - | - | 40202809 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 158390534 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 144164885 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1555897 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1491572 | ശ്രീ.ആർ.ടി ബിജുകുമാർ, സെക്രട്ടറി |
| 1-23 | 53525 | ശ്രീ.ബിനോയ് ഭുവൻ, വി.ഇ.ഒ |
| 1-36 | 10800 | ഡോ. ബിജുകുമാർ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| ആകെ | 1555897 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.ടി ബിജുകുമാർ, സെക്രട്ടറി | സെക്രട്ടറി, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | ഗംഗ, പൂങ്കോട്, ഭഗവതിനട പി.ഒ, തിരുവനന്തപുരം |
| ഡോ. ബിജുകുമാർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | നടുവത്ത് ഹൗസ്, കാരയ്ക്കാമണ്ഡപം, നേമം പി.ഒ |
| ശ്രീ.ബിനോയ് ഭുവൻ, വി.ഇ.ഒ | വി.ഇ.ഒ, ബാലരാമപുരം ഗ്രാമപഞ്ചായത്ത് | KERA 68, കണ്ണേറ്റുമുക്ക്, തൈക്കാട് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| | | | |
|---|---|---|---|
| | | തീർപ്പാക്കാൻ | |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡിക<br>കളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 1 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 2 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 4 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജിപി4/1252/18/06.06.2018 | 13 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1931/2016/04.09.2019 | 15 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1667/2017/30.01.2018 | 11 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018/19.02.2019 | 15 | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ.

S.18/8/20